**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7685 — 23.7.2012 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. എ. ബേബി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായത്തിന് എം.എൽ.എ.മാർ വഴി നൽകുന്ന അപേക്ഷകൾ അവ അനുവദിച്ച ശേഷം അവ ബന്ധപ്പെട്ടവർക്ക് നൽകാതെ എന്ത് തുക ഓരോ താലൂക്കിലും ബാക്കിയുണ്ട് ; വിശദമാക്കാമോ ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായത്തിന് എം.എൽ.എ.മാർ വഴി നൽകുന്ന അപേക്ഷകൾക്ക് മാത്ര മായി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാറില്ലാത്തതിനാൽ ഇത്തരത്തിലൊരു കണക്ക് ശേഖരിച്ചു നൽകുന്നതിന് നിർവ്വാഹമില്ല. |
| (ബി) | ഇവ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അതിന് മുൻപ് ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നോ ; ഉണ്ടെങ്കിൽ എങ്ങനെ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; വിശദമാക്കുമോ ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം കൈപ്പറ്റാൻ അപേക്ഷകർക്ക് നോട്ടീസ് അയയ്ക്കേണ്ടത് ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ നിന്നാണ്. രണ്ട് നോട്ടീസ് അയച്ചു കഴിഞ്ഞിട്ടും ധനസഹായം സ്വീകരിക്കുവാൻ കക്ഷി വരാത്ത പക്ഷം മൂന്നാമതായും അവസാനമായും ഒരു നോട്ടീസ് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തിരം നൽകുന്നു. അതിനു ശേഷം വിതരണം ചെയ്യാൻ സാധിക്കാത്ത തുകകൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇവ തിരിച്ചടയ്ക്കുന്നതിനു മുൻപ് ബന്ധപ്പെട്ടവരെ രജിസ്ട്രേഡ് തപാൽ മുഖേനയും അധികാരികൾ വഴിയും അറിയിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇവ തിരിച്ചടയ്ക്കുന്നതിനു മുൻപ് ബന്ധപ്പെട്ടവരെ അധികാരികൾ മുഖേന അറിയിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.